'ഭരണഭാഷ-മാതൃഭാഷ'

आज़ादी का अमृत महोत्सव

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - ജി.എച്ച്.എസ്.എസ് മേപ്പാടി സ്കൂളിലെ അദ്ധ്യാപകനായ ശ്രീ. ദിലീപ്കമാർ. എം.പി - യുടെ പേരിലുള്ള 249455353, 249955924 നമ്പർ എസ്.എൽ.ഐ പോളിസികളുടെ ക്ലെയിം - സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ചട്ടം 20.3 ലും 20.5 ലും ഇളവ് നൽകി - പോളിസികളുടെ അർഹമായ ആനുകൂല്യം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.7044/2024/ധന** **തീയതി, തിരുവനന്തപുരം, 20/09/2024**

പരാമർശം :- 1. എസ്.എൽ.ഐ ക്ലെയിം തീർപ്പാക്കിയതിലെ അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ ദിലീപ്കുമാർ.എം.പി സമർപ്പിച്ച അപേക്ഷ

2.ഇൻഷ്വറൻസ് ഡെപ്യൂട്ടി ഡയറക്ടറുടെ 23/08/2024 തീയതിയിലെ കെ.എസ്.ഐ.ഡി/893/2024 എച്ച്. ക്യൂ ജി.എസ് 5 നമ്പർ കത്ത്

3. 16/11/1988 - ലെ സ.ഉ(പി) നം.840/88/ധന ഉത്തരവ്.

**ഉത്തരവ്**

ജി. എച്ച്. എസ്.എസ് മേപ്പാടി സ്കൂളിലെ അദ്ധ്യാപകനായ ശ്രീ. ദിലീപ്കുമാർ. എം.പി തന്റെ 249455353, 249955924 എന്നീ നമ്പറുകളിലുള്ള എസ്.എൽ.ഐ പോളിസികളുടെ ക്ലെയിം തീർപ്പാക്കിയത് പുന:പരിശോധിച്ച് ടി പോളിസികളിൽ അർഹമായ മുഴുവൻ ആനുകൂല്യവും നൽകണമെന്ന് പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ശ്രീ. ദിലീപ്കുമാർ.എം.പി - യുടെ 249455353, 249955924 നമ്പർ എസ്.എൽ.ഐ പോളിസികളിൽ 07/2000 മുതൽ 03/2001 വരെയുള്ള പ്രീമിയം, പലിശ ഒടുക്കി പോളിസികൾ പുനരുജ്ജീവിപ്പിച്ചിട്ടില്ലാത്തതിനാൽ പോളിസികൾ കാലഹരണപ്പെട്ടതായി കണക്കാക്കി ചട്ടപ്രകാരം തന്നെയാണ് വയനാട് ജില്ലാ ഇൻഷ്വറൻസ് ഓഫീസർ ഈ ക്ലെയിം തീർപ്പാക്കിയിട്ടുള്ളതെന്ന് പരാമർശം (2) പ്രകാരം ഇൻഷ്വറൻസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ദിലീപ്കമാർ. എം.പി യുടെ പേരിലുള്ള 249455353, 249955924 എന്നീ നമ്പർ എസ്.എൽ.ഐ പോളിസികളിൽ ടിയാൻ പഠനാവശ്യത്തിനായി ലീവിലായിരുന്ന (01/06/2000 മുതൽ 31.03.2001 വരെ) കാലയളവിലെ മുടക്കം വന്ന കുടിശ്ശിക പ്രീമിയം ശമ്പളം ലഭ്യമായപ്പോൾ തന്നെ ഒടുക്കു വരുത്തിയിട്ടുണ്ട്. പ്രസ്തുത കാലയളവിലൊഴികെ പോളിസി പ്രീമിയം മുടക്കം കൂടാതെ അടവ് വരുത്തിയിട്ടുമുണ്ട്. ആയതിനാൽ ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച് സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസിന്റെ ചട്ടം 20.3 ലും 20.5 ലും ഇളവ് നൽകി, മുടക്കം വരുത്തിയ തുകയുടെ 9% പലിശ കുറവ് ചെയ്ത് പോളിസികളുടെ (249455353, 249955924) അർഹമായ ആനുകൂല്യം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽസി ജോർജ്**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് തിരുവനന്തപുരം
ജില്ലാ ഇൻഷ്വറൻസ് ഓഫീസർ, ജില്ലാ ഇൻഷ്വറൻസ് ഓഫീസ്, ഒന്നാം നില,
കെ.എം.ബിൽഡിംഗ്, നോർത്ത് സിവിൽ സ്റ്റേഷന് സമീപം, കൽപറ്റ, വയനാട്
ശ്രീ. ദിലീപ്കമാർ. എം.പി, എച്ച്.എസ്.ടി , ജി.എച്ച്. എസ്.എസ്, മേപ്പാടി, വയനാട്
വെബ് & ന്യൂ മീഡിയ, പി. ആർ. ഡി.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് ( www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി ( ഇ 2807489/എസ്റ്റാ-ഡി2/50/2024-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ